**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

നം.ഡിഎ1/229/2020-തസ്വഭവ.
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 07/08/2021

<u>സർക്കുലർ</u>

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - ജനകീയ ആസൂത്രണത്തിന്റെ ഇരുപത്തിയഞ്ചാം വാർഷികം - ഉദ്ഘാടന ചടങ്ങിനായി ജനകീയാസൂത്രണത്തിന്റെ ഭാഗമായി വന്ന മാറ്റങ്ങൾ പ്രതിപാദിച്ചു കൊണ്ടുള്ള അവതരണം - കുറിപ്പ് തയ്യാറാക്കൽ- മാർഗനിർദേശങ്ങൾ - സംബന്ധിച്ച്.

സൂചന:- 1. 29/07/2021 ലെ സ.ഉ.(സാധാ) നം. 1433/2021/തസ്വഭവ
2. 05/08/2021 ലെ ഡിഎ1/229/2020-തസ്വഭവ നമ്പർ സർക്കുലർ

**********************

ജനകീയ പങ്കാളിത്തത്തോടെ ആസൂത്രണവും നിർവ്വഹണവും ഉറപ്പ് വരുത്തുക എന്ന ലക്ഷ്യത്തോടെ 1996 ആഗസ്റ്റ് 17 ന് ആരംഭിച്ച ജനകീയ ആസൂത്രണത്തിന്റെ ഇരുപത്തിയഞ്ചാം വാർഷിക പരിപാടികൾ വിപുലമായി ആസൂത്രണം ചെയ്ത് വരുന്നുണ്ട്. പ്രസ്തുത പരിപാടി 2021 ആഗസ്റ്റ് 17 ന് ബഹു. കേരള മുഖ്യമന്ത്രി ഉത്ഘാടനം ചെയ്യും. തുടർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഒട്ടേറെ പ്രവർത്തനങ്ങൾ സർക്കാർ വിഭാവനം ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ സൂചിത സർക്കാർ ഉത്തരവ് പ്രകാരവും സർക്കുലർ പ്രകാരവും പുറപ്പെടുവിച്ചിട്ടുണ്ട്.

ഉദ്ഘാടന പരിപാടിയ്ക്ക് മുന്നോടിയായി തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ യോഗങ്ങൾ സംഘടിപ്പിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത യോഗത്തിൽ കഴിഞ്ഞ 25 വർഷക്കാലം കൊണ്ട് നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ജനകീയാസൂത്രണത്തിന്റെ ഭാഗമായി ഉണ്ടായിട്ടുള്ള ഒട്ടേറെ മാറ്റങ്ങൾ പ്രതിപാദിച്ചു കൊണ്ടുള്ള അവതരണം തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻ നടത്തേണ്ടതാണ്. അതിനായി ഒരു കുറിപ്പ് ഇരുപത്തിയഞ്ചാം വാർഷികത്തിന്റെ ഭാഗമായി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും തയ്യാറാക്കണം. പിന്നീട് വിശദമായ അവലോകനത്തിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് തയ്യാറാക്കാം. ജനകീയാസൂത്രണ നേട്ടങ്ങൾ ഉൾപ്പെടുത്തി കുറിപ്പ് തയാറാക്കേണ്ട രീതി സംബന്ധിച്ച അധിക നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

**ഇപ്പോൾ നടത്തേണ്ട അവതരണത്തിനായി കുറിപ്പ് തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

- മുൻ ജനപ്രതിനിധികൾ, ജനകീയാസൂത്രണ പ്രവർത്തകർ, ജീവനക്കാർ എന്നിവരുമായി ചർച്ച നടത്തേണ്ടതാണ്.
- തദ്ദേശസ്വയംഭരണ സ്ഥാപനം ഒമ്പതാം പദ്ധതിയിൽ തയ്യാറാക്കിയ വികസനരേഖ പരിശോധിക്കണം. അതിന്റെ അടിസ്ഥാനത്തിൽ വേണം ഈ രേഖ തയ്യാറാക്കാൻ.
- ഇത് തയ്യാറാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനതല ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ മൂന്നോ നാലോ പേരുള്ള ഒരു ടീമിന് രൂപം നൽകാവുന്നതാണ്. ഓരോ സെക്ടറിലും/വിഷയത്തിലും ഉണ്ടായ

മാറ്റങ്ങൾ അതത് വർക്കിങ്ങ് ഗ്രൂപ്പുമായി ബന്ധപ്പെട്ട് തയ്യാറാക്കാവുന്നതാണ്.

**തയ്യാറാക്കുന്ന രേഖയുടെ ഘടന**

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര്, ജില്ല

**ആമുഖം**

- തദ്ദേശസ്വയംഭരണത്തിലെ പൊതുവിവരം, വികസനരേഖ തയ്യാറാക്കാൻ നടത്തിയ ശ്രമങ്ങൾ/ പ്രവർത്തനങ്ങൾ, കൂട്ടായ്മ

**അന്നത്തെ സ്ഥിതി**

ഒമ്പതാം പദ്ധതിയിൽ തയ്യാറാക്കിയ വികസന രേഖയുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഓരോ മേഖലയിലേയും അന്നത്തെ സ്ഥിതി ചുരുക്കി വിവരിക്കണം.

**കഴിഞ്ഞ 25 വർഷങ്ങളിലെ മാറ്റങ്ങൾ**

വിവിധ മേഖലകളിലെ മാറ്റം ലഘുവായി ലഭ്യമായ കണക്കുകളുടെ കൂടി അടിസ്ഥാനത്തിൽ മുൻ സ്ഥിതിയും നേട്ടങ്ങളും ചുവടെ കൊടുത്തിട്ടുള്ള ഉപഹെഡ്ഡുകളിലായി വിവരിക്കുക. മാറ്റം ബോധ്യപ്പെടുന്നതിനായി ടേബിളുകൾ, ചാർട്ടുകൾ, ഗ്രാഫുകൾ എന്നിവ ചേർക്കാം.

**ഉത്പാദനമേഖല**

<u>കൃഷിയും മൃഗസംരക്ഷണവും</u>

- ഉത്പാദന വർദ്ധനവ് (വിവിധ വിളകളിൽ)
- വിള വിസ്തൃതിയിലെ മാറ്റം
- മാർക്കറ്റിംഗ് രംഗത്ത് വന്ന മാറ്റം
- ഭൗതിക സൗകര്യങ്ങളിൽ വരുത്തിയ മാറ്റം (കൃഷി ഭവൻ, യന്ത്രവൽക്കരണം, ട്രാക്ടർ റോഡുകൾ, ജലസേചനം, സംഭരണം തുടങ്ങിയവയൊക്കെയാവാം)<u>മൃഗസംരക്ഷണം</u>

- പശു, ആട്, പോത്ത്, കോഴിവളർത്തൽ, മുയൽ, പന്നി വളർത്തൽ, അലങ്കാര മത്സ്യം, എന്നിവയിലെ വർദ്ധനവ്. എണ്ണത്തിന്റെ, യൂണിറ്റിന്റെ അടിസ്ഥാനത്തിൽ
- ഭൗതിക സൗകര്യത്തിലെ മാറ്റം (മൃഗാശുപത്രി, സബ് സെൻറർ, തൊഴുത്ത്,കൂട് തുടങ്ങിയവ)
- മത്സ്യ കൃഷി
- കുളങ്ങൾ, തോടുകൾ, നദികൾ തുടങ്ങിയവയുടെ സംരക്ഷണം, പുനരുദ്ധാരണം
- പരിസ്ഥിതി സംരക്ഷണം
- തൊഴിൽ സംരംഭങ്ങൾ, നൽകിയ സ്ഥിര വരുമാനമുള്ള തൊഴിൽ എത്രപേർക്ക്, എത്ര യൂണിറ്റ്

**സേവന മേഖല**

- ആരോഗ്യം, ശുചിത്വം, കുടിവെള്ളം- ഇവയിൽ വന്ന മാറ്റങ്ങൾ
  - എണ്ണം
  - ഭൗതിക സൗകര്യം

  - സേവന ഗുണനിലവാരം ഉയർത്തൽ
  - ജനപങ്കാളിത്തം
  - ദുരന്ത പ്രതിരോധം
- വിദ്യാഭ്യാസം, കല, കായികം, സംസ്കാരം
  - ഭൗതിക സൗകര്യത്തിൽ ഉണ്ടായമാറ്റം
  - എണ്ണത്തിൽ വന്നമാറ്റം
  - ഉള്ളടക്കത്തിൽ വന്ന മാറ്റം
  - സമീപനത്തിൽ വന്ന മാറ്റം
  - സാമൂഹ്യ ഇടപെടലിൽ വന്ന മാറ്റം
  - കുട്ടികളുടെ എണ്ണത്തിൽ
- പട്ടികജാതി
  - കോളനികളിൽ വന്നമാറ്റം
  - തൊഴിലിൽ വന്നമാറ്റം
  - വിദ്യാഭ്യാസ രംഗത്ത് വന്നമാറ്റം
  - പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ വന്നമാറ്റം
  - വനിത
- പട്ടിക വർഗ്ഗം
  - ഊരുകളിൽ വന്നമാറ്റം, ഭൗതികം, പൊതുരീതി
  - വിദ്യാഭ്യാസം
  - തൊഴിൽ, വരുമാനം
  - കൃഷി
  - വനിത
- വനിത
  - ജാഗ്രതാ സമിതി
  - ജൻറർ റിസോഴ്സ് സെൻറർ
  - വനിതാഘടക പദ്ധതി
  - പദവിയിലുണ്ടായ മാറ്റം
  - തൊഴിൽ വരുമാനം
  - വനിതാ ജനപ്രതിനിധികൾ , തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ ഉണ്ടായ മാറ്റം
- കുടുംബശ്രീ
  - എണ്ണം
  - വരുമാനം
  - തൊഴിൽ
  - മൊത്തത്തിൽ ഉണ്ടായമാറ്റം-തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ ഉണ്ടായ മാറ്റം

- അങ്കണവാടി
  - ഭൗതിക സൗകര്യം
  - എണ്ണം
  - പരിപാടികൾ
  - പ്രശ്നം പരിഹരിക്കുക- തുടങ്ങിയവയിൽ ഉണ്ടായ മാറ്റം.
- മത്സ്യ മേഖല
  - ഭൗതിക സൗകര്യം
  - തൊഴിൽ
  - ക്ഷേമ പ്രവർത്തനങ്ങൾ-തുടങ്ങിയവയിൽ ഉണ്ടായമാറ്റം
- ഭവന നിർമ്മാണം
  - എത്ര വീടുകൾ വച്ചു നൽകി
  - മെയിൻറനൻസ്
  - വൈദ്യുതീകരണം

    തുടങ്ങിയവ

- MGNREGS
  - സ്കീം തുടങ്ങിയതിന് ശേഷം ഇന്ന് ഓരോ രംഗത്തും ഉണ്ടായ മാറ്റങ്ങൾ

**ഉപസംഹാരം**

൦ നേട്ടങ്ങൾ, മാറ്റങ്ങൾ എന്നിവ സംബന്ധിച്ച് ലഘു വിവരണം.

ലീന എൻ പി
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ നഗരസഭാ ചെയർമാന്മാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പഞ്ചായത്ത് ഡയറക്ടർ
8. നഗരകാര്യ ഡയറക്ടർ
9. ഗ്രാമവികസന കമ്മീഷണർ
10. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
11. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണവകുപ്പ്
12. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷൻമാർക്കും
13. എല്ലാ ജില്ലാ കളക്ടർമാർക്കും
14. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
15. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
16. എല്ലാ നഗരകാര്യ മേഖലാജോയിന്റ് ഡയറക്ടർമാർക്കും
17. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)
18. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും
19. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
20. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
21. ഡയറക്ടർ ജനറൽ, കില
22. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
23. കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.